പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ 3186 21.06.2013 - ൽ മറുപടിയ്ക്ക്

## അന്നദായിനി പദ്ധതി

ചോദ്യം

ശ്രീ. സി. മമ്മൂട്ടി

ഉത്തരം

ഡോ. എം.കെ. മുനീർ
(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സാമൂഹ്യ സുരക്ഷാമിഷൻ നടപ്പാക്കുന്ന അന്നദായിനി പദ്ധതി ഏതെല്ലാം ജില്ലകളിലാണ് നടപ്പാക്കി വരുന്നത് ; | (എ) | 02.07.2009 മുതൽ 30.09.2010 വരെ മലപ്പുറം ജില്ലയിലാണ് ഈ പദ്ധതി നടപ്പിലാക്കിയിരുന്നത്. ഈ പദ്ധതി ഇപ്പോൾ നിലവിലില്ല. |
| (ബി) | ഓരോ ജില്ലയിലും എത്ര ട്രൈബൽ കോളനികളിൽ ഭക്ഷണം നൽകി വരുന്നു; ഓരോ കോളനിയിലും എത്ര പേർക്ക് വീതം ഭക്ഷണം നല്കുന്നു; വിശദാംശം നൽകാമോ; | (ബി) | മലപ്പുറം ജില്ലയിലെ നിലമ്പൂർ ബ്ലോക്കിലെ ട്രൈബൽ കോളനികളായ കുമ്പളപ്പാറ, വെറ്റില കൊല്ലി, മണ്ണല, അലയ്ക്കൽ എന്നിവിടങ്ങളിലാണ് 30.09.2010 വരെ ഭക്ഷണ വിതരണം നൽകിയിരുന്നത്. ഗുണഭോക്താക്കളുടെ എണ്ണം ചുവടെ കൊടുക്കുന്നു. |
| (സി) | കൂടുതൽ കോളനികളിൽ ഭക്ഷണം നല്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (സി) | ട്രൈബൽ വകുപ്പ് ഇത്തരത്തിൽ പദ്ധതി നടപ്പിലാക്കുന്ന സാഹചര്യത്തിൽ സാമൂഹ്യ സുരക്ഷാമിഷൻ ഈ പദ്ധതി ഇപ്പോൾ നടപ്പിലാക്കുന്നില്ല. |
| (ഡി) | ഭക്ഷണ വിതരണത്തിന് പ്രതിമാസം എന്ത് തുക ചെലവാകുന്നുണ്ട് ? | (ഡി) | അന്നദായിനി പദ്ധതി നടപ്പിലാക്കിക്കൊണ്ടിരുന്നപ്പോൾ ഒരാൾക്ക് പ്രതിമാസം ശരാശരി 400/- മുതൽ 500/- രൂപ വരെ ചെലവ് വന്നിരുന്നു. 02.07.2009 മുതൽ 30.09.2010 വരെയുള്ള കാലയളവിൽ പദ്ധതി നടത്തിപ്പിന് ആകെ 5,79,606/- രൂപ ചെലവഴിക്കുകയുണ്ടായി. |

| ക്രമ നമ്പർ | ട്രൈബൽ കോളനി | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 01 | മണ്ണല | 100 |
| 02 | അലയ്ക്കൽ | 52 |
| 03 | കുമ്പളപ്പാറ | 70 |
| 04 | വെറ്റിലകൊല്ലി | 50 |
| | ആകെ | 272 |

R. Vijay

സെക്ഷൻ ഓഫീസർ